Research Paper
Peer Reviewed Journal

ISSN-2455-0736 (Print)
ISSN-2456-4052 (Online)

# പൂന്താനം കവിത - ക്രൈസ്തവദർശനത്തിന്റെ പശ്ചാത്തലത്തിൽ

**Dr. Bennichen Scaria**

HOD, Department of Malayalam, Pavanatma College, Murickassery

frbennop@gmail.com

## സംഗ്രഹം (Abstract)

**ദർശനം എന്ന വാക്കിന്റെ അർത്ഥം തന്നെ വീക്ഷണം എന്നാണ്. ഈശ്വരൻ, മനുഷ്യൻ, ലോകം, മോക്ഷം എന്നിവയെപ്പററി വ്യത്യസ്തമായ കാഴ്ചപ്പാടുകളാണുള്ളത്. ഈശ്വര യാഥാർത്ഥ്യത്തോടും ചൈതന്യത്തോടും മനുഷ്യസത്ത ആരംഭകാലം മുതൽ പുലർത്തിപ്പോന്നിട്ടുള്ള ആഭിമുഖ്യങ്ങളുടേയും തുറവിയുടേയും രൂപഭാവങ്ങൾ വ്യത്യസ്തമായിരുന്നുവെങ്കിലും അവയ്ക്കടിയിലുണ്ടായിരുന്ന മനോഭാവങ്ങളിൽ സമാനമായ ചില അടിസ്ഥാന ഭാവങ്ങൾ കണ്ടെത്താനുള്ള ശ്രമമാണ് ഇവിടെ നടത്തിയിരിക്കുന്നത്. ജീവിതത്തിന്റെ രൂപപ്പെടുത്തലും കർമ്മത്തിന് മാർഗ്ഗദർശനം ചെയ്യലുമാണ് എല്ലാ ദർശനങ്ങളുടേയും ഉദ്ദേശ്യം. മനുഷ്യന് പ്രത്യക്ഷമായ രീതിയിൽ ഈശ്വരദർശനം സാധ്യമാകുന്നത് അവതാരത്തിലൂടെയാണെന്ന് മിക്ക മതങ്ങളും സിദ്ധാന്തിക്കുന്നു. ധർമ്മത്തിനു ക്ഷയവും അധർമ്മത്തിന് വർധനയും ഭവിക്കുമ്പോൾ സാധുരക്ഷണത്തിനായും ദുഷ്ടശിക്ഷയ്ക്കായും ഭഗവാൻ എക്കാലവും അവതാരമെടുക്കുന്നുവെന്നാണ് ഹൈന്ദവസിദ്ധാന്തം. ക്രിസ്തുമതത്തിൽ ദൈവം പൂർണ്ണനായി മനുഷ്യന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളതും മനുഷ്യനോട് നിർണായകമായി സംസാരിച്ചിട്ടുള്ളതും മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിലൂടെയാണ്. ഈശ്വരമനുഷ്യ സമാഗമത്തിന്റേയും സംസർഗത്തിന്റേയും പൂർത്തിയായി മതങ്ങൾ കരുതുന്നതും പ്രതീക്ഷിക്കുന്നതും മുക്തിയെയാണ്. ഹൈന്ദവദർശനപ്രകാരം മുക്തി പരമാത്മാവുമായുള്ള അനന്യത അഥവാ താദാത്മ്യം തന്നെയാണ്. ദൈവവുമായുള്ള വൈയക്തികമായ ഐക്യം മുഖാഭിമുഖമായ ഈശ്വരദർശനം, നിത്യമായ ആനന്ദം, ഉത്ഥാനം ചെയ്ത വിശുദ്ധരുടെ സ്വർഗ്ഗീയമായ ഒരുമ എന്നിവയത്രെ ക്രൈസ്തവദർശന പ്രകാരമുള്ള മുക്തിയുടെ മുഖ്യാംശങ്ങൾ. ഹൈന്ദവ ദർശനത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട പൂന്താനം കവിതകളെ ക്രൈസ്തവ ദർശനത്തിന്റെ പശ്ചാത്തലത്തിൽ അപഗ്രഥിക്കുക എന്നതാണ് ഈ പ്രബന്ധം കൊണ്ടുദ്ദേശിക്കുന്നത്. അതിനായി പ്രബന്ധത്തെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.**

### 1. ഹൈന്ദവദർശനം

ദൃശ് എന്ന ധാതുവിൽ നിന്നാണ് ദർശനം എന്ന വാക്കിന്റെ ഉല്പത്തി. ദർശനം എന്ന വാക്കിന് കാഴ്ച, കാണൽ, നോക്കൽ എന്നീ അർത്ഥങ്ങൾ നിഘണ്ടുക്കൾ നൽകുന്നു. പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും ആന്തരീക സ്വഭാവത്തെക്കുറിച്ചുള്ള പഠനം എന്ന അർത്ഥത്തിലാണ് പ്രാചീന ആചാര്യന്മാർ ദർശനം എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. ഇന്ത്യയിലെ പ്രാചീന തത്വജ്ഞാനികൾ പ്രകൃതി, ചൈതന്യം, മനുഷ്യൻ, ജ്ഞാനം, ചിന്ത,ജീവിതം, മരണം എന്നിവയെല്ലാം സൂക്ഷമമായ അന്വേഷണങ്ങൾക്ക് വിധേയമാക്കിയതിന്റെ ഫലമായി രൂപം കൊണ്ടവയാണ് ഭാരതീയ ദർശനങ്ങൾ. വേദങ്ങളിലും ഉപനിഷത്തുകളിലുമാണ് ഭാരതീയ തത്വചിന്തയുടെ ആരംഭം. ദാർശനീകരുടെ ജീവിത സമീപനങ്ങൾ വ്യത്യസ്തമായിരുന്നതിനാൽ നിഗമനങ്ങളും വ്യത്യസ്തങ്ങളായിരുന്നു. എന്നിരുന്നാലും അടിസ്ഥാന പരമായി ഇവയിൽ സമാനതകൾ കണ്ടെത്താൻ കഴിയും. അതായത് മനുഷ്യന്റെ സുഖവും ശ്രേയസും ഉൽക്കർഷവുമാണ് എല്ലാ ദർശനങ്ങളുടെയും പൊതുലക്ഷ്യം.ഭാരതീയ തത്വചിന്ത സാരാംശത്തിൽ അദ്ധ്യാത്മികമാണെന്നും അഗാധമായ ഈ ആദ്ധ്യാത്മികതയാണ് കാലത്തിന്റെ കെടുതികളെയും ചരിത്രത്തിന്റെ ആകസ്മികതകളെയും നേരിടാൻ ഇന്ത്യക്ക് കഴിവുണ്ടാക്കി കൊടുത്തെന്നും ആചാര്യന്മാർ സമർത്ഥിക്കുന്നു. ആദ്ധ്യാത്മിക വാദമെന്നതു പോലെ തന്നെ ഭൗതികവാദവും ഇന്ത്യയിൽ പ്രാചിന കാലം മുതൽ നിലനിന്നിരുന്നു. ചേതനയിൽ നിന്ന് ഭൗതിക പദാർത്ഥങ്ങൾ ഉണ്ടായി എന്ന് വാദിക്കുന്നവരെ ആത്മീയവാദികൾ എന്നും ഭൗതിക പദാർത്ഥത്തിൽ നിന്ന് ചിന്തയും ചേതനയും ഉണ്ടായി എന്നു വാദിക്കുന്നവരെ ഭൗതികവാദികൾ എന്നും വിളിക്കുന്നു. ദുരിതങ്ങളും ദു:ഖങ്ങളും ഉണ്ടാകുന്ന ഘട്ടത്തിൽ യഥാർഥ ജീവിതത്തിൽ നിന്ന് ഭൗതികാതിത ചിന്താമണ്ഡലത്തിലേക്കും ആത്മീയതയുടെ അന്തർമുഖത്വത്തിലേക്കും പലായനം ചെയ്യാനുള്ള പ്രവണത ഭാരതീയ തത്വചിന്തയുടെ പ്രത്യേകതയാണ്. ഇന്ത്യൻ ജനത ശതാബ്ദങ്ങളിലൂടെ ആർജിച്ച സൈദ്ധാന്തിക അനുഭവങ്ങളാണ് ഭാരതീയ ദർശനങ്ങൾ. ഭാരതീയ

 ISSN-2455-0736 (Print)
ISSN-2456-4052 (Online)

ദർശനങ്ങൾ മുഖ്യമായും ഒൻപതെണ്ണമാണ് - ന്യായം, വൈശേഷികം, സാംഖ്യം, യോഗം, പൂർവ്വമീമാംസ, ഉത്തരമീമാംസ, (ആസ്തിക ദർശനങ്ങൾ) ബുദ്ധം, ജൈനം, ചാർവാകം (നാസ്തിക ദർശനങ്ങൾ) എന്നിവയാണവ.

ദർശനങ്ങളിൽ നിന്ന് മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് രൂപപ്പെടുന്നവയാണ് പ്രസ്ഥാനങ്ങൾ. ഹൈന്ദവ ദർശനങ്ങൾ സ്ഥാപനവൽക്കരിക്കപ്പെട്ടപ്പോൾ രൂപം കൊണ്ട ഒരു നവോത്ഥാന പ്രസ്ഥാനമാണു ഭക്തി പ്രസ്ഥാനം. കേരളത്തിൽ ചെറുശ്ശേരി, എഴുത്തച്ഛൻ, പൂന്താനം, മേല്പത്തൂർ നാരായണഭട്ടതിരി തുടങ്ങിയവരുടെ കാലം ഭക്തി പ്രസ്ഥാനത്തിന്റെ പുഷ്കല കാലമായിരുന്നു.

**2) ക്രൈസ്തവ ദർശനം**

പ്രത്യാശയുടെ ജീവിതമാണ് യഥാർത്ഥ ജീവിതമെന്ന് ക്രൈസ്തവദർശനം വ്യക്തമാക്കുന്നു. ക്രൈസ്തവദർശനത്തിന്റെ അടിസ്ഥാന തത്വങ്ങളാണ് ദൈവസ്നേഹവും മനുഷ്യസ്നേഹവും. ദൈവസ്നേഹം പ്രകടമാക്കുന്നത് മനുഷ്യസ്നേഹത്തിലൂടെയാണെന്ന് ക്രൈസ്തവ ദർശനം പഠിപ്പിക്കുന്നു. ക്രൈസ്തവദർശനം ആവിഷ്കരിക്കുന്നതിൽ പ്രധാനപങ്കുവഹിച്ച ദൈവശാസ്ത്രജ്ഞരാണ് അഗസ്റ്റിൻ, തോമസ് അക്വീനാസ്, ബൊയേഷ്യസ്, ബൊനവെഞ്ചർ തുടങ്ങിയവർ. ക്രൈസ്തവദർശനത്തിലെ പ്രധാന ഘടകങ്ങൾ നാലെണ്ണമാണ്. അവ ദൈവസ്നേഹം, ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹം, മനുഷ്യന് ദൈവത്തോടുള്ള സ്നേഹം, സഹോദരസ്നേഹം എന്നിവയാണെന്ന് സഭാപഠനങ്ങൾ വ്യക്തമാക്കുന്നു.ക്രൈസ്തവ ദർശനത്തിന്റെ മൗലികസ്വഭാവമാണ് ദൈവസ്നേഹം. അഗാപ്പെ എന്ന ഗ്രീക്കുപദമാണ് ദൈവസ്നേഹത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. ദൈവത്തിന്റെ രഹസ്യം സ്നേഹത്തിന്റെ രഹസ്യമാണെന്ന് ക്രൈസ്തവദർശനം വ്യക്തമാക്കുന്നു. ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിന്റെ അടയാളമാണ് മനുഷ്യസൃഷ്ടി. മനുഷ്യൻ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടു എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. പ്രമാണപാലനത്തിലുള്ള വിശ്വസ്തത മനുഷ്യന് ദൈവത്തോടുള്ള സ്നേഹത്തിന്റെ ആത്മാർത്ഥത പ്രകടമാക്കുന്നു. ദൈവത്തോടുള്ള മനുഷ്യന്റെ സ്നേഹം നിരുപാധികമായിരിക്കണം എന്നതാണ് ക്രൈസ്തവദർശനത്തിന്റെ പ്രത്യേകത. കാരുണ്യത്താൽ വിമോചനം ലഭിച്ചവന്റെയും അനന്തസ്നേഹത്തിന് പാത്രമായവന്റെയും മനോഭാവമാണ് ഇവിടെ മനുഷ്യൻ പുലർത്തേണ്ടത്. ക്രൈസ്തവദർശനത്തിന്റെ ഏറ്റവും പ്രധാന ഘടകമാണ് സഹോദരസ്നേഹം. ആരാണ് എന്റെ അയൽക്കാരൻ എന്ന ചോദ്യത്തിന് ക്രിസ്തു നൽകുന്ന മറുപടി കരുണ കാണിക്കുന്നവൻ എന്നാണ്. ക്രൈസ്തവ ദർശനമനുസരിച്ച് അയൽക്കാരൻ സ്വന്തം ജാതിയിലും മതത്തിലും അതീതനായി ശത്രുപക്ഷത്തു നിൽക്കുന്നവനായിരിക്കാം സഹോദരസ്നേഹം ശത്രുക്കളെപ്പോലും സ്നേഹിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. ക്രൈസ്തവദർശനത്തിന്റെ അന്തസത്ത വെളിവാക്കപ്പെടുന്നത് പത്തുപ്രമാണങ്ങളിലൂടെയാണ്. ദൈവസ്നേഹത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും ദൃശ്യമായ അടയാളമാണ് പത്തുപ്രമാണങ്ങൾ. ദൈവം മനുഷ്യനുമായി നടത്തുന്ന മഹത്തായ വിമോചനസംഭവമായ പുറപ്പാടിന്റെ പശ്ചാത്തലത്തിലാണ് പത്ത് കല്പനകൾ നൽകപ്പെടുന്നത്. ദൈവവും മനുഷ്യനും തമ്മിൽ ചെയ്ത ഈ ഉടമ്പടി കാലത്തിനും ദേശത്തിനും അതീതമായ സനാതന ധർമ്മങ്ങളായി ഇന്നും നിലനിൽക്കുന്നു. മനുഷ്യന് ദൈവത്തോടും അയൽക്കാരനോടുമുള്ള മൗലികകടമകളെ വ്യക്തമാക്കുന്നവയാണ് പത്തു കല്പനകൾ. നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം, ദൈവത്തിന്റെ നാമം വൃഥാ പ്രയോഗിക്കരുത്, ദൈവത്തിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം. എന്നീ പ്രാഥമിക കല്പനകൾ മനുഷ്യന് ദൈവത്തോടുള്ള ബന്ധത്തെ വ്യക്തമാക്കുന്നവയാണ്. ദൈവസ്നേഹത്തിന്റെ ഈ ലോകത്തിലുള്ള പ്രകടനമായിട്ടാണ് ക്രൈസ്തവദർശനം സഹോദരസ്നേഹത്തെ കാണുന്നത്. അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിക്കുന്നു എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. പത്തുപ്രമാണങ്ങളിലെ നാലാം കല്പനമുതൽ പത്തുവരെ സഹോദര സ്നേഹത്തിന്റെ പ്രാധാന്യത്തെ വ്യക്തമാക്കുന്നവയാണ്.

ക്രൈസ്തവദർശനത്തിന്റെ നാലുതലങ്ങളാണ് ഈശ്വരദർശനം, മനുഷ്യദർശനം, മരണദർശനം, നിത്യജീവിതം എന്നിവ. പർവ്വതങ്ങൾ നിർമ്മിക്കപ്പെടുന്നതിന് മുമ്പ് ഭൂമിയും ഭൂഗോളങ്ങളും ഉണ്ടാകുന്നതിനുമുമ്പ്, അനാദിമുതൽ നിലനിൽക്കുന്ന ശക്തിയാണ് ദൈവം എന്ന് ക്രൈസ്തവദർശനം പഠിപ്പിക്കുന്നു. തോമസ് അക്വീനാസിന്റെ അഭിപ്രായത്തിൽ എല്ലാറ്റിന്റെയും സംരക്ഷകനും പരിപാലകനുമാണ് ദൈവം. ശക്തനും കാരുണ്യവാനുമായ ആദിശക്തി മറ്റൊന്നിനെ ആശ്രയിക്കുകയും മാറ്റത്തിന് അധീനനാവുകയും ചെയ്യുന്നില്ല. ദൈവം നിത്യതയിൽ നിലകൊള്ളുന്നവനാണ്. ദൈവത്തിന്റെ അമൂർത്തതയെ മനസ്സിലാക്കാൻ മനുഷ്യന് കഴിയില്ല എന്ന് ക്രൈസ്തവദർശനം വ്യക്തമാക്കുന്നു. ക്രൈസ്തവദർശനത്തിന്റെ രണ്ടാമത്തെ തലമാണ് മനുഷ്യദർശനം. ദൈവത്തിന്റെ എല്ലാ സൃഷ്ടികളുടെയും മകുടവും ലക്ഷ്യവുമാണ് മനുഷ്യസൃഷ്ടി. ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചതിനുശേഷം യജമാനൻ എന്ന നിലയിൽ അതിനെ നിയന്ത്രിക്കുന്നതിന് മനുഷ്യനെ നിയോഗിക്കുകയാണ് ചെയ്തിരിക്കുന്നത്. ക്രൈസ്തവദർശനമനുസരിച്ച് മരണം ഒരു യാഥാർത്ഥ്യമാണ്.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

എന്നാൽ അവൻ പൂർണമായി മരണത്തിലൂടെ ഇല്ലാതാകുന്നില്ല. മനുഷ്യൻ ഒരിക്കൽ മരിക്കണമെന്നും അതിനുശേഷം വിധിക്കപ്പെടണമെന്നും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. മരണം നിത്യജീവന്റെ വാതിൽ തുറക്കുന്ന താക്കോലായി ക്രൈസ്തവദർശനം പഠിപ്പിക്കുന്നു. മനുഷ്യൻ എന്തു നേടിയാലും പരോക്ഷമായി ദൈവത്തെ തേടുന്നുവെന്നു പറയുന്നതാണ് നിത്യജീവൻ. അപൂർണനായ മനുഷ്യന്റെ പൂർണതയിൽ വിലയം പ്രാപിക്കുവാനുള്ള ആഗ്രഹമാണ് നിത്യജീവനിൽ അടങ്ങിയിരിക്കുന്നത്. ദൈവവുമായുള്ള വൈക്തികമായ ഐക്യം മുഖാഭിമുഖമായ ഈശ്വരദർശനം, നിത്യമായ ആനന്ദം, ഉത്ഥാനം ചെയ്ത വിശുദ്ധരുടെ സ്വർഗീയ ഒരുമ എന്നിവയാണ് ക്രൈസ്തവദർശനമനുസരിച്ച് നിത്യജീവന്റെ അന്തസത്ത. നിത്യജീവൻ ഒരു പ്രത്യേകസ്ഥലം എന്നതിനെക്കാൾ മനുഷ്യ അസ്തിത്വത്തിന്റെ പൂർണതയാണ്. എത്രമാത്രം സന്തോഷം ഈ ലോക ജീവിതത്തിൽ മനുഷ്യന് ലഭിച്ചാലും അതിനേക്കാൾ ഉപരിയായ ഒന്നിനുവേണ്ടി ദാഹിക്കുന്ന മനുഷ്യനെയാണ് ക്രൈസ്തവദർശനം അവതരിപ്പിക്കുന്നത്.

**3) പൂന്താനം കവിയതയും ക്രൈസ്തവദർശനവും**

പൂന്താനം കവിതയെക്രൈസ്തവദർശനം സ്വാധീനിച്ചിട്ടില്ല എങ്കിലും ക്രൈസ്തവദർശനത്തിന്റെ പല ഘടകങ്ങളും പൂന്താനം കവിതയിൽ കാണാവുന്നതാണ്. നിന്റെ ദൈവമായകർത്താവ് ഞാനാണ് ഞാനല്ലാതെ മറ്റൊരു ദൈവം നിനക്ക് ഉണ്ടാകരുത് എന്ന് ഒന്നാമത്തെ കല്പനയുടെ അടിസ്ഥാനത്തിൽ ക്രൈസ്തവദർശനം പഠിപ്പിക്കുമ്പോൾ ഉണ്ണികൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ ഉണ്ണികൾ മറ്റ് വേണമോമക്കളായ് എന്നാണ്ജ്ഞാനപ്പാനയിൽ പൂന്താനം ചോദിക്കുന്നത്.

**"നീർപ്പോളപോലെയുള്ളൊരുദേഹത്തിൽ**
**വീർപ്പുമാത്രമുണ്ടിങ്ങനെ കാണുന്നു"**

എന്ന് മനുഷ്യജീവിതത്തെക്കുറിച്ച് പൂന്താനം പറയുമ്പോൾ ഭൂമിയിൽ മനുഷ്യന്റെജീവിതം കിനാവുപോലെ കടന്നുപോവുന്നു, രാവിലെ പൂവിടുകയും വൈകുന്നേരം വാടുകയും ചെയ്യുന്ന വയലിലെ പുഷ്പം പോലെയാണ് മനുഷ്യജീവിതമെന്ന് ക്രൈസ്തവദർശനം വ്യക്തമാക്കുന്നു.

**"സൽക്കർമ്മംകൊണ്ട് മേല്പോട്ടുപോയവർ**
**സ്വർഗ്ഗത്തിങ്കലിരുന്ന്സുഖിക്കുന്നു"**

എന്ന് പൂന്താനം അവതരിപ്പിക്കുമ്പോൾ മരണം വരുമൊരുനാൾ ഓർക്കുകമർത്യാ നീ, കൂടെ പോരും നിൻ ജീവിതചെയ്തികളും സൽകൃത്യങ്ങൾ ചെയ്യുക നീ അലസതകൂടാതെ എന്നതാണ് ക്രൈസ്തവവീക്ഷണം. പൂന്താനത്തിന്റെ ദർശനത്തിന് സമാനമായ ദർശനങ്ങൾ ബൈബിളിൽ കാണുന്നു. ദൈവമനുഷ്യബന്ധത്തെ സംബന്ധിച്ചുമുള്ള സദുപദേശങ്ങളായിരുന്നു ക്രൈസ്തവദർശനത്തിന്റെയും പൂന്താനം കവിതയുടെയും കാതൽ എന്നതിനാലാകാം ഈ യാദൃശ്ചികമായ ഏകഭാവം കൈവന്നത്.

നിർവൃതിദായകമായ ദൈവമനുഷ്യസമാഗമത്തിന് ഉപയുക്തമായ രീതിയിൽ മനുഷ്യന് സ്വയംവെളിപ്പെടുത്തുന്ന രീതിയിൽ ദൈവം എന്നും അതീവ തൽപരനാണ്. ദൈവത്തിന്റെ ഈ ആത്മാവിഷ്കാരം മനുഷ്യവർഗത്തിൽ മുഴുവനും സ്ഥല-കാല-സംസ്കാര-മത പരിമിതകൾക്കതീതമായി വ്യാപിച്ചുകിടക്കുന്ന യാഥാർത്ഥ്യമാണ്. ബൈബിൾ വിവരണമനുസരിച്ച് ദൈവാനുഭവത്തിന്റെ ആവിഷ്ക്കാരം കൂടുതൽ പ്രകടിപ്പിച്ച വ്യക്തികളാണ് പ്രവാചകന്മാരും ന്യായാധിപന്മാരും. ബൈബിളിലൂടെ പ്രകടമാകുന്ന ദൈവാവിഷ്കാരം ഉൽക്കടമായ ദൈവസ്നേഹത്തിലേക്കും നിരന്തരമായ ദൈവമമതയിലേക്കും മനുഷ്യനെ ആനയിക്കുവാൻ പര്യാപ്തമാകുന്നു.

**"ഉത്തമപുരുഷാ നിന്നെകൂപ്പുന്നേൻ**
**ചെററുകാരുണ്യമെങ്കൽ പുലമ്പുവാൻ**
**ചിത്തേതോന്നാത്തതിന്നൊരുകാരണം**
**ബുദ്ധികൊണ്ട് വിചാരിച്ചറിഞ്ഞു ഞാൻ"**

എന്ന് കുമാരഹരണത്തിലൂടെ പൂന്താനം വ്യക്തമാക്കുന്നു. ദൈവത്തെ കണ്ടെത്താനുള്ള മനുഷ്യശ്രമം തീർത്തും മനുഷ്യപ്രചോദിതമല്ല. ആത്യന്തികമായി അത് ദൈവപ്രചോദിതമാണ്. ദൈവത്തെ അന്വേഷിച്ച് കണ്ടെത്തി അവിടുത്തെ സ്നേഹിച്ച് അവിടുത്തോടൊത്ത് ജീവിക്കാനായി മനുഷ്യനെ ദൈവം നിരന്തരം ക്ഷണിച്ചുകൊണ്ടിരിക്കുന്നു എന്ന് ബൈബിൾ പഠിപ്പിക്കുമ്പോൾ

**"ഒന്നിലുമൊരു ബന്ധമില്ലാതെയായ്**
**നിന്നവൻതന്നെ വിശ്വം ചമച്ചുപോൽ"**

എന്ന് പൂന്താനം വ്യക്തമാക്കുന്നു. തങ്ങളുടെ ചരിത്രത്തിൽ വസിച്ചുകൊണ്ട് തങ്ങളുടെ സംരക്ഷകനും

മോചകനുമായി വർത്തിക്കുന്ന തങ്ങളുടെ സ്വന്തമായ ദൈവം സർവ്വാതീതനെങ്കിലും അന്യനും അകന്നവനുമല്ലായിരുന്നു. അവിടുന്ന് അവരുടെ പിതാവും മാതാവുമായിരുന്നു എന്ന് ബൈബിൾ വ്യക്തമാക്കുമ്പോൾ

**"ഞങ്ങൾക്കച്ഛനുമമ്മയുമുണ്ടല്ലോ**
**ഞങ്ങൾ പോകയില്ലെന്നുമറിഞ്ഞാലും"**

എന്നാണ് വൈകുണ്ഠദർശനത്തിലിരിക്കുന്ന പൈതങ്ങൾ ഉറക്കെ പാടുന്നത്. പൂന്താനത്തിന്റെ ദർശന പശ്ചാത്തലവും ക്രൈസ്തവദർശന പശ്ചാത്തലവും താദാത്മ്യം പ്രാപിക്കുന്ന സാഹചര്യങ്ങൾ പൂന്താനം കൃതികളിൽ കണ്ടെത്താൻ കഴിയും. ഗുരുവായൂരപ്പന്റെ പാദങ്ങളിൽ നിത്യവുമർച്ചന നടത്തുന്ന ഒരു ഭക്തനെയാണ് പൂന്താനത്തിൽ കാണുന്നത്. എന്നിട്ടും ഒരു കുഞ്ഞിക്കാലു കാണാൻ ഭാഗ്യം ലഭിക്കാതെ ഏറെ പ്രാർത്ഥനകൾ നടത്തി അവസാനം തന്റെ ഏകസന്തതി അകാലത്തിൽ പൊലിഞ്ഞു പോയ കാഴ്ചകണ്ട് ഹൃദയം പൊട്ടുമാറുച്ചത്തിൽ നിലവിളിക്കുന്നതിനു പകരം എല്ലാം ഈശ്വരപാദങ്ങളിൽ സമർപ്പിക്കുന്ന ഒരു സാധാരണ മനുഷ്യനെയാണ് പൂന്താനം അവതരിപ്പിക്കുന്നത്. ബൈബിൾ വിവരണത്തിൽ നീതിമാനായ ജോബിന്റെ സഹനം ഇതിന് ഉത്തമ ഉദാഹരണമാണ്. ആടുമാടുകളും മക്കളും നഷ്ടപ്പെട്ട് ശരീരം മുഴുവൻ കുഷ്ഠരോഗം ബാധിച്ച് കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും പുറംതള്ളപ്പെട്ടവനായി മാറിയ നീതിമാനായ ജോബിനെ സംബന്ധിച്ച് ഈ സഹന സമരത്തിൽ ദൈവം തന്നു ദൈവം എടുത്തു അവന്റെ നാമം മഹത്വപ്പെടട്ടെ എന്നു പറയുന്നതുപോലെ തന്നെയാണി വിവരണം.

**"തിരുനാമങ്ങൾ നാവിന്മേലെപ്പോഴും**
**പിരിയാതിരിക്കണം നമ്മുടെ**
**നരജന്മം സഫലമാക്കീടുവാൻ"**

എന്നു പ്രാർത്ഥിക്കുന്ന പൂന്താനത്തിൽ നാം കാണുന്നത്. ഇന്നലെ വരെ സുഖസൗകര്യങ്ങളുടെ മട്ടുപ്പാവിലിരുന്ന് ജീവിതം ആസ്വദിച്ചിരുന്ന ജോബ് ഇന്ന് ചാരക്കൂമ്പാരത്തിലിരുന്ന് ഓട്ടുകഷണങ്ങൾകൊണ്ട് ശരീരം മാന്തിക്കീറുന്ന കാഴ്ച ബൈബിൾ വിവരിക്കുന്നതു പോലെതന്നെയാണ് 'മാളിക മുകളിലിരിക്കുന്ന മന്നന്റെതോളിൽ മാറാപ്പുകേറ്റുന്നതും ഭവാൻ' എന്ന് പൂന്താനം അവതരിപ്പിക്കുന്നത്. ദൈവതിരുമുമ്പിൽ നീതി പ്രവർത്തിക്കുന്നവനും സഹനം ഉണ്ടാകുമെന്ന് ബൈബിൾ അവതരിപ്പിക്കുമ്പോൾ പൂന്താനം കുമാരഹരണത്തിലൂടെ

**'അയ്യോ ഞാൻ ചെയ്ത പുണ്യങ്ങളൊക്കെയും പൊയ്യായിട്ടോ വരുന്നതുമീശ്വരാ'** എന്നാണ്ചോദിക്കുന്നത്.

പൂന്താനത്തിന്റെ ദർശനത്തിന്റെ അടിസ്ഥാനമായി നിൽക്കുന്നത് കേരളത്തിലെ ഭക്തിപ്രസ്ഥാനമായിരുന്നു. കേരളത്തിന്റെ ഭക്തിസാഹിത്യത്തിന്റെ ആദ്യാങ്കുരണങ്ങൾ പ്രത്യക്ഷപ്പെട്ടത് മതപരമായ പാട്ടുകളിലായിരുന്നു. നാടൻ പാട്ടുകളിലൂടെ അവതരിപ്പിക്കപ്പെട്ട ഭക്തിചിന്ത എഴുത്തച്ഛൻ കൃതികളിലൂടെയും പൂന്താനത്തിലൂടെയും പൂർണതയിൽ എത്തി നിൽക്കുന്നു. പൗരോഹിത്യവും നാടുവാഴിത്തവും അങ്കവും അംഗനയും ചെങ്കോൽ വാണിരുന്ന കലാവേദിയിൽ ധർമ്മോദ്ബോധനത്തിന്റെ കാഹളധ്വനിയുമായി പ്രതക്ഷപ്പെട്ട പൂന്താനം കൃതികൾ ജനങ്ങളിൽ ഈശ്വരോ ുഖത വളർത്താൻ സഹായിച്ച കവിതകളായിരുന്നു. സാധാരണക്കാരെ ഭക്തിലഹരിയിൽ വളർത്താനാണ് പൂന്താനം പരിശ്രമിച്ചത്.

പൂന്താനത്തിന്റെ പ്രഥമകൃതിയാണ് സന്താനഗോപാലം പാന. ഭാഗവതം ദശമസ്കന്ദം 89-ാം അദ്ധ്യായം 22 മുതൽ 66 വരെ ശ്ലോകങ്ങളിൽ വിവരിച്ചിരിക്കുന്ന ഈ ചെറിയകഥ പൂന്താനത്തിന്റെ കൈയ്യിൽ ഭാവപൊലിമ കൈവന്ന ഒരു ഖണ്ഡകാവ്യമായി പരിണമിച്ചു. നാടകീയ സംവിധാനമാണ് പൂന്താനം ഈ കൃതിയിൽ നിർവ്വഹിച്ചിരിക്കുന്നത്. മൂലകഥയിലെ കഥാപാത്രങ്ങളെയെല്ലാം വ്യക്തിത്വ വികാസത്തോടെ പൂന്താനം അവതരിപ്പിച്ചിരിക്കുന്നു.

**"ഇന്നിനിക്കിതുവണ്ണംവരുവതി**
**നെന്തുബന്ധംകരുണാജലനിധേ"**

എന്ന വിപ്രവിലാപത്തോടെ കാവ്യം ആരംഭിച്ചിരിക്കുന്നു. ശരകൂട് നിർമ്മിതി നടത്തുന്ന അർജുനനാകട്ടെ ഈശ്വരനെ കൂടാതെ എല്ലാം തനിക്കു കഴിയുമെന്ന ഗർവ്വത്തിൽ അഹങ്കരിക്കുന്നു. രാത്രിമുഴുവൻ അദ്ധ്വാനിച്ചിട്ടും ഒരു പരൽ മീനിനെപ്പോലും കിട്ടാതെ തിബേരിയോസ് കടലിന്റെ തീരത്തിരിക്കുന്ന വലിയമുക്കുവനായ പത്രോസിനെപ്പറ്റിയും ബൈബിൾ ഇപ്രകാരം പഠിപ്പിക്കുന്നു. ദൈവത്തെ കൂടാതെയുള്ള മനുഷ്യന്റെ അദ്ധ്വാനങ്ങൾ നിഷ്ഫലങ്ങളാകുന്നു. അപരന്റെ മുൻപിൽ അപമാനിതനായ അർജുനൻ ആത്മഹത്യക്കൊരുങ്ങുമ്പോൾ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

**"ഒരുകോപംകൊണ്ടങ്ങോട്ടുചാടിയാ**
**ലിരുകോപംകൊണ്ടിങ്ങോട്ടു പോരാമോ"**

എന്നു ചോദിച്ചു കൊണ്ട് പിൻതിരിപ്പിക്കുന്ന കൃഷ്ണന്റെ കാരുണ്യ പൂർവ്വമായ കടാക്ഷത്തെപ്പറ്റി പൂന്താനം വിവരിക്കുമ്പോൾ പാപം ചെയ്ത് തകർന്ന ദാവീദിനെ അനുഗ്രഹിക്കുന്ന ദൈവത്തെപ്പറ്റി ബൈബിൾ വിവരിക്കുന്നു. ഭക്തിസാധനയിൽ മുഴുകുന്ന സാധാരണ മനുഷ്യർക്ക് അവരുടെ സ്വന്തം ദൗർബല്യം കൊണ്ടും സാഹചര്യത്തിന്റെ പ്രതികൂലത കൊണ്ടും പലതരം വിഘ്നങ്ങളേയും പരാജയ ശങ്കകളേയും നേരിടേണ്ടിവരും എന്ന് സന്താനഗോപാലം വ്യക്തമാക്കുമ്പോൾ നീതിമാനായ മനുഷ്യന്റെ സഹനത്തെപ്പറ്റി ബൈബിളിൽ വിവരിക്കുന്ന ജോസഫിന്റെ ചരിത്രം വ്യക്തമാക്കുന്നു .

**"ഇക്കഥ പഠിച്ചിടും ജനങ്ങൾക്കും**
**ആസ്ഥയോടിതു കേൾക്കും ജനങ്ങൾക്കും**
**പുത്രസമ്പത്തധികമുണ്ടായ്വരും**
**അർത്ഥമിത്രകളത്രാദിസൗഖ്യവും"**

എന്ന് പൂന്താനം വിവരിക്കുമ്പോൾ പ്രമാണങ്ങൾ അനുസരിക്കുന്നവൻ പാറമേൽ ഭവനം പണിത വിവേകിയായ മനുഷ്യന് തുല്ല്യനാണെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. വൈകുണ്ഠദർശനത്തിനു സമാനമായ ദർശനം ബൈബിളിൽ വിവരിച്ചിരിക്കുന്ന ക്രൈസ്തവദർശനത്തിൽ കണ്ടെത്താൻ കഴിയും. മലമുകളിൽ വച്ച് ക്രിസ്തുവിന്റെ രുപാന്തരീകരണം കണ്ട ശിഷ്യ ാർ നമുക്ക് ഇവിടെയായിരിക്കുന്നത് നല്ലതാണ് എന്ന് പറഞ്ഞതിന് സമാനമാണ് വൈകുണ്ഠദർശനത്തിൽ നിലവിളിക്കുന്ന അർജുനനിൽ കാണുന്നത്. വൈകുണ്ഠദർശനം കണ്ട അർജുനൻ

**"ഇവിടംവിട്ടുപോവാനെനിക്കൊരു**
**വഴിയായതിക്കണ്ടിതുദൈവമേ"**

എന്നാണു പ്രാർത്ഥിക്കുന്നത്. വിപ്രന്റെ പുത്രവിയോഗകഥ പൂന്താനത്തിന് സ്വന്തം കഥയായാണ് അനുഭവപ്പെട്ടത്. ആറ്റുനോറ്റുണ്ടായ സ്വന്തം പുത്രൻ ശൈശവത്തിൽ തന്നെ വിർപ്പുമാത്രമില്ലാതെ ദൃഷ്ടിനിർത്തിക്കിടക്കുന്ന കാഴ്ച നേരിട്ടുകണ്ട് ഹൃദയം പിളർന്ന് കവിയെയാണ് ഈ വിപ്രനിൽ നാം കാണുന്നത്.

പൂന്താനത്തിന്റെ ഏറ്റവും പ്രസിദ്ധമായ കൃതി ജ്ഞാനപ്പാനയാണ്. സാമാന്യ ജനങ്ങളെ ഉദ്ബോധിപ്പിക്കുവാൻ ഉദ്ദേശിച്ച് ലളിതമായി വിവരിച്ചിട്ടുള്ള കാവ്യമാണ് ജ്ഞാനപ്പാന. ക്രിസ്തുവിന്റെ പ്രബോധനങ്ങളും സാധാരണക്കാരായ മനുഷ്യർക്കു വേണ്ടിയായിരുന്നു. .സമൂഹത്തിന്റെ ഉന്നതശ്രേണിയിൽ നിന്ന് പുറന്തള്ളിയിരുന്ന ചുങ്കക്കാരും മുക്കുവ ാരുമായിരുന്നു ക്രിസ്തുവിന്റെ ശിഷ്യഗണങ്ങളിൽ ഭൂരിഭാഗവും. വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളെ കല്ലെറിയുന്നതിനുപകരം കരുണ കാണിക്കുകയും സമൂഹം വെറുത്ത ചുങ്കക്കാരന്റെ ഭവനത്തിൽ അത്താഴമുണ്ണുകയും ചെയ്ത് ക്രൈസ്തവദർശനത്തിന്റെ പുതിയ മാനങ്ങൾ ലളിതമായ ഭാഷയിൽ ക്രിസ്തു അവതരിപ്പിച്ചതു പോലെ ലളിതമായ ഭാഷയിൽ ഉത്കൃഷ്ടമായ ഹൈന്ദവദർശനങ്ങൾ ജ്ഞാനപ്പാനയിലൂടെ പൂന്താനം അവതരിപ്പിച്ചിരിക്കുന്നു. യേശുവിന്റെ നാമം വിളിക്കുക നീയും നിന്റെ കുടുംബവും രക്ഷിക്കപ്പെടും എന്ന് ബൈബിൾ പഠിപ്പിക്കുമ്പോൾ ജ്ഞാനത്തിലെത്തിച്ചേരാനുള്ള ഫലപ്രദവും എളുപ്പവുമായ മാർഗ്ഗം നാമ സങ്കീർത്തനമാണെന്ന് ജ്ഞാനപ്പാന വ്യക്തമാക്കുന്നു.

**"തിരുനാമങ്ങൾ നാവിന്മേലെപ്പോഴും**
**പിരിയാതെയിരിക്കേണം നമ്മുടെ**
**നരജന്മം സഫലമാക്കീടുവാൻ"**

എന്നാണ് പൂന്താനം പാടുന്നത്. മനുഷ്യജന്മം പാഴാക്കിക്കളായാതിരിക്കാനുള്ള ആദ്യവഴി നാമ സങ്കീർത്തന ജപമാണ്.. ക്രൈസ്തവദർശനത്തിലെ ഒന്നാമത്തെ കല്പനയുടെ അനുസരണവുമായി ഈ ഭാഗം ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യജീവൻ സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത് എന്ന് ഭോഷനായ ധനികന്റെ ഉപമയിലൂടെ ബെബിൾ പഠിപ്പിക്കുമ്പോൾ

**'രണ്ടുനാലുദിനം കൊണ്ടൊരുത്തനെ തണ്ടിലേറ്റി നടത്തുന്നതും ഭവാൻ'**

എന്ന് പൂന്താനം ജ്ഞാനപ്പാനയിലൂടെ അവതരിപ്പിച്ചിരിക്കുന്നു. മനുഷ്യൻ സൃഷ്ടിയുടെ മകുടമാണെന്ന് ബൈബിൾ വിശദമാക്കുമ്പോൾ

**'എത്ര ജന്മംമലത്തിൽ കഴിഞ്ഞതും എത്ര ജന്മം ജലത്തിൽ കഴിഞ്ഞതും മർത്ത്യ ജന്മത്തിൽ മുമ്പേ കഴിച്ചുനാം'**

എന്നാണ് പൂന്താനം അവതരിപ്പിക്കുന്നത്. ഭൂമിയിൽ ദീർഘകാലം ജീവിക്കണമെങ്കിൽ മാതാപിതാക്കന്മാരെ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ബഹുമാനിക്കണമെന്ന് ക്രൈസ്തവദർശനം പഠിപ്പിക്കുമ്പോൾ **'അമ്മക്കും പുനരച്ഛനും ഭാര്യക്കും ഉണ്മാൻ പോലും കൊടുക്കുന്നില്ലാചിലർ'** -എന്ന് പൂന്താനം കുറ്റപ്പെടുത്തുന്നു. **'ബ്രാഹ്മണ്യം കൊണ്ട് കുന്തിച്ചുകുന്തിച്ചു ബ്രഹ്മാവുമെനിക്കൊവ്വായെന്നും ചിലർ'** എന്ന് പൂന്താനം കളിയാക്കുമ്പോൾ ദേവാലയത്തിന്റെ മുമ്പിൽനിന്ന് പ്രാർത്ഥിക്കുന്ന ഫരിസേയന്റെ മനോഭാവത്തെ കുറ്റപ്പെടുത്തുന്ന ബൈബിൾ ദർശനം കാണാൻ കഴിയുന്നു.

**"അർത്ഥമെത്ര വളരെയുണ്ടായാലും**
**തൃപ്തിയാകാമനസിന്നൊരുകാലം"**

എന്ന് ജ്ഞാനപ്പാനയിൽ പൂന്താനം തന്റെ ദർശനം വ്യക്തമാക്കുമ്പോൾ ധനമോഹമാണ് എല്ലാ തി കൾക്കും കാരണമെന്ന് ക്രൈസ്തവദർശനം പഠിപ്പിക്കുന്നു. തിരുനാമ മാഹാത്മ്യം വിവരിച്ചു കൊണ്ടാണ് പൂന്താനം തന്റെ ഭക്തിപ്പാന അവസാനിപ്പിക്കുന്നത്.

സന്താനഗോപാലം ജ്ഞാനപ്പാന എന്നിവ കഴിഞ്ഞാൽ പൂന്താനത്തിന്റെ ഏറ്റവും ശ്രദ്ധേയമായ കൃതിയാണ് ഭാഷാകർണ്ണാമൃതം. കവിയുടെ അനുഭവ ചിന്തകളിൽ വിളഞ്ഞ ആശയങ്ങളും പ്രായാധികൃത്തിൽ സംഭവിക്കാവുന്ന ചില രചനാ രംഗങ്ങളും ഈ കൃതിയിൽ കാണുന്നു. വാമപുരം ക്ഷേത്രത്തിൽ ഗുരുവായൂരപ്പനെ പ്രതിഷ്ഠിച്ച് ജീവിതാന്ത്യം വരെ അദ്ദേഹം ഭജിച്ചു പോന്നിരുന്നു. വായിക്കുന്നവരിൽ വിഷ്ണുഭക്തി വിളയിക്കുക, ഭക്തിയിലേക്ക് നയിക്കുന്ന നാമജപത്തിന്റെ പ്രധാന്യത്തെപ്പറ്റി ഉദ്ബോധിപ്പിക്കുക എന്നതാണ് കവിയുടെ നിർമ്മാണോദ്ദ്യേശ്യം. ബൈബിളിലെ ഓരോഗ്രന്ഥങ്ങളും ഈശ്വരനിലേക്ക് മനുഷ്യനെ നയിക്കാനുള്ള ധർമ്മപ്രബോധനങ്ങളാണ് എന്നാണ് ക്രൈസ്തവ ദർശനം വ്യക്തമാക്കുന്നത്. ശ്രീകൃഷ്ണാവതാരം മുതലുള്ള കഥകൾ അങ്ങേയറ്റം കൈയ്യടക്കത്തോടും സംക്ഷേപണ വൈദഗ്ദ്യത്തോടും കൂടെ പൂന്താനം അവതരിപ്പിക്കുന്നതു പോലെ മനുഷ്യാവതാരത്തിലൂടെ പൂർണ്ണ മനുഷ്യനായി അവതരിക്കുന്ന ദൈവത്തിന്റെ മനുഷ്യരോടുള്ള സ്നേഹത്തിന്റെ പ്രകടനങ്ങളാണ് ബൈബിളിൽ വിവരിച്ചിരിക്കുന്ന നാല് സുവിശേഷങ്ങൾ.

പൂന്താനത്തിന്റെ തുടർന്നു വരുന്ന നൂറ്റെട്ട് ഹരി, ആനന്ദനൃത്തം മൂലതത്വം, പാർത്ഥസാരിഥീസ്തവം, മഹാലക്ഷ്മീസ്തവം, തുടങ്ങിയ സ്തോത്രകൃതികളിലും ഒരു ഭക്തന്റെ വികാരവിചാരങ്ങൾ ലളിതമായ ഭാഷയിൽ അവതരിപ്പിക്കുന്നു. മധുരവും ലളിതവുമായ പൂന്താനകാവ്യങ്ങളും കീർത്തനങ്ങളും ഭക്തന്റെ ഈശ്വരോ ുഖമായ അർച്ചനാസൂനങ്ങളാണ്. ഭക്തി ആത്മാർത്ഥത, ആത്മസമർപ്പണം, ശോകം എന്നീ ഭാവങ്ങളിൽ നിന്നാണ് പൂന്താനം കൃതികളുടെ ഉള്ളടക്കം രൂപപ്പെട്ടിരിക്കുന്നത്. സാധാരണ മനുഷ്യന്റെ ദൈവചിന്തയെ ഭാവദീപ്തമാക്കി അവതരിപ്പിക്കാൻ ഭക്തനായ പൂന്താനത്തിന് തന്റെ കൃതികളിലൂടെ കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ കൃതികളുടെ പ്രസക്തി. മനുഷ്യന്റെ ദൈവചിന്തയെ ഭാവദീപ്തമാക്കി അവതരിപ്പിക്കാനുള്ള ശ്രമമാണ് ബൈബിൾ വിവരണത്തിലും കാണുന്നത്.

**ഉപസംഹാരം**

ദർശനങ്ങളുടെ ഉദ്ദേശ്യത്തെയും ദർശനങ്ങളുടെ അടിയിൽ വർത്തിക്കുന്ന മനോഭാവത്തെയും അടിസ്ഥാനമാക്കി ഈശ്വര ദർശനം, മനുഷ്യ ദർശനം, മരണം, മോക്ഷം എന്നിവയെക്കുറിച്ചുള്ള ഹൈന്ദവ ക്രൈസ്തവ ദർശനങ്ങൾ ഈ പ്രബന്ധത്തിൽ അവതരിപ്പിച്ചിരിക്കുന്നു. പൂന്താനം കൃതികളിലെ ദർശനവും ക്രൈസ്തവ ദർശനവും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ കാണാവുന്നതാണ്, സത്യത്തിന്റെ കിരണങ്ങൾ രണ്ട് ദർശനങ്ങളിലും നിഴലിച്ചു കാണുന്നു. സൃഷ്ടിയിൽ ശ്രേഷ്ഠമായത് മനുഷ്യനാണെന്ന പൂന്താന ദർശനത്തിന് സമാനമാണ് ക്രൈസ്തവ ദർശനവും. മനുഷ്യന്റെ പരമമായ ലക്ഷ്യം നിത്യജീവൻ അഥവാ മോക്ഷമാണ് എന്ന നിഗമനത്തിലേക്കാണ് ഇരുദർശനങ്ങളും എത്തിച്ചേരുന്നത്.

**സഹായക ഗ്രന്ഥങ്ങൾ**

1) അരവിന്ദൻ, പൂന്താനം കൃതികൾ, കോട്ടയം: ഡി.സി ബുക്സ് ,2008
2) കൃഷ്ണവാര്യർ, എൻ.വി , ജ്ഞാനപ്പാന -അവതാരിക
കോട്ടയം: നാഷണൽബുക്ക്സ്റ്റാൾ ,1973
3) ഗോപിക്കുട്ടൻ ,ഫ്രൊഫ,ജ്ഞാനപ്പാന പഠനവും വ്യാഖ്യാനവും,
കോട്ടയം കറന്റ് ബുക്സ് ,2009
4) ചുമ്മാർ ,ടി.എം., പദ്യസാഹിത്യ ചരിത്രം ,
കോട്ടയം: നാഷണൽ ബുക്ക്സ്സാൾ ,1936

ISSN-2455-0736 (Print)
ISSN-2456-4052 (Online)

5) പി.ഒ.സി കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം,
കൊച്ചി: കേരളാ കാത്തലിക് ബിഷപ്സ് കൗൺസിൽ,2005
6) പുരുഷോത്തമൻ ,ചെറുകുന്നം .പൂന്താനവും ഭക്തിപ്രസ്ഥാനവും ,
തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ,2000
7) മാത്യു വെള്ളാനിക്കൽ,ബൈബിൾ വിജ്ഞാനകോശം ,കോട്ടയം:1988
8) രാജീവ് വി., ജ്ഞാനപ്പാനയും നാരായണീയവും,
കോട്ടയം നാഷണൽ ബുക്കാസ്റ്റാൾ ,1989
9) രാധാകൃഷ്ണൻ, മേലാറ്റൂർ (സമ്പാ.) പൂന്താനം ഭക്തിയും വിഭക്തിയും ,
കോഴിക്കോട് : മാതൃഭൂമി ബുക്സ് ,2009
10) രാധാകൃഷ്ണൻ എസ് , ഭാരതീയദർശനം . കോഴിക്കോട് ,മാതൃഭൂമി പബ്ലിഷേഴ്സ് ,1996
11) വാസുദേവൻമുസന്ത്, കെ., പൂന്താനം കൃതികൾ ,കോഴിക്കോട്: പി .കെ ബ്രദേഴ്സ് ,1952
12) വിതയത്തിൽ ജോസഫ് .ക്രൈസ്തവവിജ്ഞാനീയം. കൊച്ചി:
കെ.സി.ബി.സി മാസ്സ് മീഡിയ കമ്യൂണിക്കേഷൻ,1987
13)വിശ്വനാഥൻ നമ്പൂതിരി.പി.വി ജ്ഞാനപ്പാന .കോട്ടയം : സാരഥി പബ്ലിഷേഴ്സ്,2001